കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജനുവരി

JANUARY 07 2023



ശബരിമല പത്രക്കുറിപ്പ് - 2

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

## ജാഗ്രതയാണ് സുരക്ഷ. ക്ലാസുകൾ ശക്തമാക്കി അഗ്നി രക്ഷാ സേന

ബോധവൽക്കണ ക്ലാസുകളും സംയുക്ത പരിശോധനയും ഊർജിതമാക്കി മകരവിളക്ക് ഉൽസവം സുരക്ഷിതമാക്കാനുള്ള പരിശ്രമത്തിലാണ് അഗ്നി രക്ഷാ സേന. സന്നിധാനത്തെ കടകളിലും സ്ഥാപനങ്ങളിലുമാണ് പരിശോധന. പോരായ്മ കെ ത്തുന്ന ഇടങ്ങളിൽ കർശന നിർദേശവും ക്ലാസുകളും നൽകുന്നു. ഇത്തരത്തിൽ പാ ിത്താവളത്ത് അഗ്നി രക്ഷാ സേനയുടെ ആഭിമുഖ്യത്തിൽ കച്ചവടക്കാർക്കും വിരി കേന്ദ്രങ്ങളിലുള്ളവർക്കും പ്രത്യേക ബോധവൽക്കരണ ക്ലാസും പ്രഥമ ശുശ്രൂഷാ പരിശീലനവും നൽകി. ഫയർ സ്പെഷ്യൽ ഓഫീസർ കെ ആർ അഭിലാഷ്, സ്റ്റേഷൻ ഓഫീസർ കെ എം സതീശൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു. പരിശീലനം

എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് വിനോദ് കുമാർ, ഡ്യൂട്ടി മജിസ്ട്രേറ്റ് സി.എസ്. അനിൽ, മരാമത്ത് അസി.എഞ്ചിനിയർ സുനിൽ കുമാർ, സന്നിധാനം എസ് എച്ച് ഒ

അനൂപ് ചന്ദ്രൻ എന്നിവർ സംബന്ധിച്ചു.

അഗ്നി സുരക്ഷാ പ്രവർത്തനങ്ങൾക്ക് പുറമെ അയ്യപ്പഭക്തരെ അടിയന്തിര വൈദ്യസഹായത്തിനായി എത്തിക്കുന്നതിലും അഗ്നി സുരക്ഷാസേനാംഗങ്ങൾ മുൻപന്തിയിലു ്.മരക്കൂട്ടം മുതൽ പാ ിത്താവളം വരെയുള്ള ഒൻപത് പോയിന്റുകളിൽ സദാ കർമനിരതായി സേനാഗങ്ങൾ ജാഗരൂകരാണ്. മൊത്തം 67 പേരാണ് സന്നിധാനത്തുള്ളത്. അഞ്ച് സിവിൽ ഡിഫൻസ് സേനാംഗങ്ങളുമു ്.19 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർ ഹൈഡ്രന്റാണ് സന്നിധാനത്ത് അഗ്നി സുരക്ഷയ്ക്കുള്ള മുഖ്യോപാധി. 49 ഹൈഡ്ര ന്റ് പോയിന്റുകളാണിവിടെയുള്ളത്. ഫയർ എക്സ്റ്റിഗ്വുഷറുകൾ ഇല്ലാത്ത കടകൾ അടിയന്തിരമായി അവ എത്തിക്കാൻ നിർദ്ദേശം നൽകിക്കഴിഞ്ഞു. വിരിവെപ്പ് കേന്ദ്രങ്ങളിൽ പാചകം പാടില്ലെന്നും മകരവിളക്ക് സമയം ഭക്തർ ആരതി ഉഴിയുന്നതിൽ ജാഗ്രത കാണിക്കണമെന്നും ഫയർ സെപഷ്യൽ ഓഫീസർ കെ ആർ അഭിലാഷ് അറിയിച്ചു.

(പി.ആർ. ശബരി- 244)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.